**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1069** **12.07.2016 ൽ മറുപടിയ്ക്ക്**

## പച്ചത്തേങ്ങ സംഭരണ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരഫെഡുമായി സഹകരിച്ച് കൃഷി വകുപ്പ് നടത്തി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിലൂടെ 2015-16 സാമ്പത്തിക വർഷത്തിൽ എത്രമാത്രം പച്ചത്തേങ്ങ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കർഷകർക്ക് സംഭരിച്ച തേങ്ങ യുടെ വില പൂർണ്ണമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) കേരഫെഡുമായി സഹകരിച്ച് കൃഷി വകുപ്പ് നടത്തി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിലൂടെ 2015-16 സാമ്പത്തിക വർഷം 476070 ക്വിന്റൽ നാളികേരം സംഭരിച്ചിട്ടുണ്ട്. പ്രസ്തുത വർഷം സംഭരിച്ച നാളികേരത്തിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 43 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ഇതിൽ 18 കോടി രൂപ ഈ സർക്കാർ നൽകിയിട്ടുണ്ട്. ബാക്കി തുക നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) നാളികേരം തൊണ്ട് നീക്കിയ ശേഷം സംഭരണ കേന്ദ്രത്തിലെത്തിക്കണമെന്ന നിബന്ധന മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) നാളികേരം തൊണ്ടോടുകൂടി സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നിലവിലുള്ള പച്ചനാളികേര സംഭരണ പദ്ധതി പ്രകാരം തൊണ്ടോടു കൂടിയ നാളീകേരം സംഭരിക്കുന്നതിന് സാധ്യമല്ല. |

**സെക്ഷൻ ഓഫീസർ**